# പള്ളികഥകൾ

## മിനികഥകൾ ഇരുപത്തിമൂന്ന്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

സംഭംവിച്ചതാണോ സങ്കല്പമാണോ എന്തായാലും ജോസഫച്ചൻ പറയുന്നതു കേട്ടപ്പോൾ ഒരിമ്പം തോന്നി. അമേരിക്കയിലെ ഒരു വലിയ സദസിൽ, ഫലിതശിരോമണികളിലഗ്രഗണ്യന്മാരിലൊരാളായ വന്ദ്യ പിതാവ് പറയുന്നതു കേട്ടതായിട്ടാണ് ജോസഫച്ചൻ പറഞ്ഞത്.

ഈ പിതാവ് സാധാരണ പള്ളികളിൽ ഫലിതം പറയുമ്പോൾ പള്ളിയിലുള്ള എല്ലാവരും കൂട്ടത്തോട് ചിരിച്ച് ആസ്വദിക്കാറുണ്ട്. അദ്ദേഹം പറയുന്നതു കേട്ട് സ്ത്രീകളിലൊരാൾ ചിരിക്കാൻ തുടങ്ങും. അതു കണ്ട് അവരുടെ പ്രിയപ്പെട്ടവൻ ചിരിക്കും; അല്ലങ്കിൽ വീട്ടിൽ ചെല്ലുമ്പോൾ പിന്നെ കുടുംബകലഹമായിത്തീരും. "എന്റെ മനുഷ്യാ ഞാനാ സദസ്സിലിരുന്ന് ചമ്മിപ്പോയില്ലേ? ഞാൻ ചിരിക്കുന്നതു കണ്ടപ്പം നിങ്ങക്കും കുരങ്ങു പല്ലിളിച്ചു കാണിക്കുന്നതുപോലെ ഒന്നു കാണിക്കാൻ മേലാരുന്നോ? "സാധാരണ സ്ത്രീകളാരെങ്കിലും ചിരിക്കുന്നതു കണ്ടാൽ കണവനും ചിരിക്കും; അല്ലങ്കിൽ ചിരിച്ചപോലെ കാണിക്കണം. അതു കണ്ട് മറ്റാണുങ്ങളും ചിരിക്കും അതുകണ്ട് മറ്റു പെണ്ണുങ്ങളും ചിരിക്കും; ഇത്രയു പേർ ചിരിക്കുന്നതു കണ്ടാൽ പിന്നെ കൊച്ചു പിള്ളേർ മുതൽ പൈതങ്ങൾ വെരെ ചിരിച്ച് അവിടെ ചിരിയുടെ ഒരു മാലപടക്കം തന്നെ സൃഷ്ടിക്കും. ആദ്യം ചിരിച്ച സ്ത്രീ ധന്യവതിയായി. വീടുകളിൽ അന്ന് സന്തോഷത്തിന്റെ സുദിനമായിരിക്കും. എന്തിനാ ചിരിച്ചതെന്നു ചോദിച്ചാൽ അവക്കാക്കും തന്നെ ഉത്തരം പറയാനില്ല. വന്ദ്യ പിതാവ് ഫലിതം പറഞ്ഞത് നമ്മൾ ആസ്വദിച്ചില്ലന്നു കണ്ടാൽ നമ്മൾക്ക് ശാപം കിട്ടത്തില്ലേയെന്നാണ് ഒരിക്കൽ ഒരു കിഴവി പറഞ്ഞ മറുപടി. പക്ഷേ, ഇത് അതുപോലൊന്നുമല്ല; ഇദ്ദേഹം സാക്ഷാൽ നല്ല ഫലിതം തന്നെ പറയും. ചിരിക്കാത്തവർ പോലും ചിരിക്കും; ഇല്ലങ്കിൽ അദ്ദേഹം ചിരിപ്പിക്കും. അല്പം ചിരിച്ചാൽ ആയുസിന് ദൈർഘ്യം കിട്ടുമെന്ന് പിതാവു പറയുന്നതിലും കാര്യമുണ്ട്.

## പിതാവു പറഞ്ഞ ഫലിതം

ഇത് ഇന്നും ഇന്നലെയുമൊന്നും നടന്നതല്ല; വർഷങ്ങൾക്ക് മുമ്പ്. അന്ന് ഈ പിതാവ് വെറുമൊരു അച്ചനായിരുന്നു. അന്നദ്ദേഹം അമേരിക്കയിൽ കപ്പലു കയറിയായിരുന്നു വന്നതെന്നാണ് പറഞ്ഞു കേൾക്കുന്നത്. അന്ന് ഈ അമേരിക്കയിൽ ഇന്നുള്ളതു പോലെ മലയാളികൾ ആരും തന്നെ ഉണ്ടായിരുന്നില്ല. ആകെ അമേരിക്കയിൽ വിരലേലെണ്ണാവുന്ന അത്രയും പേർ മാത്രമേ ഉണ്ടായിരുന്നുള്ളു. അതും ഡോക്ടറന്മാരും എഞ്ചനീയറന്മാരും മാത്രം. അച്ചന്മാരാരുമേ ഉണ്ടായിരുന്നില്ല. തന്മൂലം ഇദ്ദേഹം എവിടെയെങ്കിലും ചെന്നാൽ അവിടെയുള്ള നാനാജാതിമതസ്ഥരും ഒന്നിച്ചു കൂടി ആരാധന നടത്തുമെന്നാണ് അദ്ദേഹം സാധാരണ പറയാറുള്ളത്. അമേരിക്കയിലുള്ള ഏതെങ്കിലും പള്ളിക്കാരുടെ കാലു പിടിച്ച് അവിടെ ഒരാരാധന നടത്താൻ അനുവാദം വാങ്ങി നടത്തുകയാണ് പതിവ് ഇങ്ങിനെയെല്ലാമാണെങ്കിലും മലയാളികൾ വിരലേലെണ്ണാവുന്ന അത്രയുപേരേ അവിടെ ആരാധനയ്ക്കു കാണാറുള്ളായിരുന്നു. നാനാജാതിമതസ്ഥരേയും കൂട്ടി അവിടെ അത്രയും മലയാളികൾ മാത്രമേ വസിച്ചിരുന്നുള്ളു. തമാശ പറയുന്ന ഒരച്ചനാണല്ലോ; അപ്പോൾ ഒരാരാധനയ്ക്കു കൂടുകയും ചെയ്യാം. അല്പം ചിരിക്കാനും സാധിക്കുമല്ലോയെന്നാണ് എല്ലാവരുടേയും അഭിപ്രായം. കേരളത്തിൽ നിന്ന് നേരേ അമേരിക്കയിലേക്ക് വന്നിട്ടുള്ള പലരും മസിലും പിടിച്ചിരിക്കുന്ന അച്ചന്മാരെ മാത്രം കണ്ടിട്ടുള്ളവരാണ്. അവക്ക് ഇതൊരു പുതിയ അനുഭവം കൂടിയാണ്. അവരാരെങ്കിലും നാട്ടിലേക്ക് കത്തെഴുതുമ്പോൾ ഇങ്ങിനെ ഫലിതം പറയുന്ന അച്ചൻ എന്നത് നാട്ടിലുള്ളവക്കെല്ലാം ഒരത്ഭുതം തന്നെയായിരുന്നു.

ഇങ്ങിനെ ഇന്ത്യാക്കാരൻ ഒരച്ചൻ അവിടെ ഉണ്ടന്നത് അന്നത്തെ കാലത്ത് അമേരിക്കക്കാക്ക് തന്നെ വളരെ സന്തോഷകരമായിരുന്നു; പോരത്തതിന് അദ്ദേഹം നല്ലതു പോലെ ഇംഗ്ലീഷും അവരുടെ ഉച്ചാരണ രീതിക്കൊപ്പിച്ച് സംസാരിക്കുന്നത് അവക്ക് കൂടുതൽ സന്തോഷകരമാണ്.

അന്നത്തെ കാലത്ത് പഠിക്കാനെന്നു പറഞ്ഞു വന്ന ഇദ്ദേഹത്തിന്റെ ജീവിതവും വളരെ കഷ്ടത്തിലായിരുന്നു. അദ്ദേഹത്തിന്റെ എല്ലാ പണികളും, അടുക്കള മുതൽ അങ്ങാടി വെരെയുള്ള എല്ലാ കാര്യങ്ങളും അദ്ദേഹം തന്നെ ചെയ്യണമായിരുന്നു. ഞായറാഴ്ചകളിൽ മാത്രം ചില മലയാളികൾ അവരുടെ വീടുകളിൽ വിളിച്ചു കൊണ്ടു പോയി സൽക്കരിക്കുമ്പോഴായിരുന്നു നല്ല മലയാളി ഭക്ഷണം കഴിച്ചിരുന്നതു തന്നെ. പിന്നെ, പിന്നെ ശനിയാഴ്ചയും ആൾക്കാർ വിളിച്ചു സൽക്കരിക്കാൻ തുടങ്ങി. പിന്നീട് പലരും ഭക്ഷണമുണ്ടാക്കി കൊടുക്കാൻ തുടങ്ങി. പിന്നീടദ്ദേഹം അമേരിക്കൻ ഭക്ഷണങ്ങളുമായി ഇടപഴകി.

അക്കാലങ്ങളിൽ അമേരിക്കയിലെ ദേവാലയങ്ങളിൽ ധാരാളം ആൾക്കാർ തിങ്ങി നിറഞ്ഞു നിൽക്കുന്നതു കാണുമ്പോൾ "എന്റെ ദൈവമേ എന്നെങ്കിലും ഇതുപോലെ നമ്മുടെ ആൾക്കാരെ കൊണ്ട് നിറഞ്ഞു നിൽക്കുന്ന ദേവാലയങ്ങളിവിടെ ഉണ്ടായിതീരണമെന്ന്" കരഞ്ഞു കൊണ്ടദ്ദേഹം പ്രാർത്ഥിച്ചിരുന്നു.

അങ്ങിനെയിരക്കെ, ഒരിക്കൽ അദ്ദേഹം താമസിക്കുന്നതിന്റെ വളരെ അടുത്തുള്ള ഒരു പള്ളിയിലെ ഒരാൾ മരിച്ചു പോയി. അന്ന് ഒരാൾ മരിച്ചാൽ നേരത്തോടു നേരമാകുന്നതിന് മുമ്പ് നമ്മുടെ നാട്ടിൽ അടക്കിയിരുന്നതു പോലെ അടക്കിയിരിക്കണം. അല്ലങ്കിൽ വിവരം അറിയും. ഈ സൂക്ഷ സമയത്ത് അവരുടെ അച്ചൻ അദ്ദേഹത്തിന്റെ പ്രിയപ്പെട്ട മാതാവ് രോഗം മൂർച്ചിച്ചു കിടക്കുന്നതു പ്രമാണിച്ച് അവരുടെ അടുത്ത് വളരെ ദൂരെ പോയിരിക്കുകയാണ്. അമേരിക്കയിലുള്ള മിക്കവാറും ആൾക്കാക്ക് അവരുടെ മാതാവെന്നാൽ ജീവന്റെ ജീവനാണ്. അപ്പോൾ ആ പള്ളിയിലുള്ള ആൾക്കാരെല്ലാം കൂടി തീരുമാനിച്ച് നമ്മുടെ അച്ചന്റെ അടുക്കൽ സങ്കടവുമായി എത്തി. ആ മരിച്ച ആളിനെ ശുശ്രൂഷകളെല്ലാം ചെയ്ത് അടക്കണമെന്നതാണ് ആവശ്യം.

നമ്മുടെ അച്ചന്റെ ചങ്കിടിപ്പ് വളരെ ദൂരെ വെരെ കേൾക്കാം. അദ്ദേഹത്തിന്റെ ആത്മീയപിതാവിന്റെ അനുവാദം കൂടാതെ വേറൊരു പള്ളിക്കാര്യങ്ങളോ, കൂദാശകളോ നടത്തിയാലുള്ള അവസ്ഥ അദ്ദേഹത്തിനു മാത്രമല്ലേ അറിയുകയുള്ളു. പേരാത്തതിന് നമ്മുടെ മലയാളികളാരെങ്കിലും പാര വെച്ചാൽ പിന്നെ ശരിക്കും പണിയാകുമല്ലോ. അച്ചൻ അവരുടെ ഒരാളിന്റെ വീട്ടിലെ ഫോണിൽ വളരെയധികം സമയം കഷ്ടപ്പെട്ടതിനു ശേഷമാണ് ഇന്ത്യയിലെ മെത്രാച്ചനോട് ഫോണിൽ സംസാരിക്കാൻ സാധിച്ചത്, അന്ന് സഭയിൽ ആകെ വിരലേലെണ്ണാവുന്ന അത്രയും മെത്രാച്ചാരെ ഉണ്ടായിരുന്നുള്ളതിനാൽ അവർ എപ്പോഴും യാത്രയും തിരക്കിലുമാണ്. അദ്ദേഹം പറഞ്ഞ മറുപടി "താൻ ആ പള്ളിക്കാരെ മുഴുവനും അടക്കിയേര്" എന്നായിരുന്നു. ബിഷപ്പിന്റെ ഫലിതം കേട്ട് പിന്നെയും പിന്നെയുമായി അവരെല്ലാം സത്യമായും ചിരിച്ചു.

(കാലം ചെയ്ത അ.വ. മക്കാറിയോസ് മെത്രാച്ചനോട് കടപ്പാട്)